പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 77

011/06/2014-ൽ
മറുപടിയ്ക്ക്

**ശ്രീപത്മനാഭസ്വാമി ക്ഷേത്ര ഭരണം സർക്കാർ ഏറ്റെടുക്കാൻ നടപടി**

ചോദ്യം

ശ്രീ. ബി. സത്യൻ
ശ്രീ. എം. ചന്ദ്രൻ
ശ്രീ. ബാബു എം. പാലിശ്ശേരി
ശ്രീ. റ്റി.വി. രാജേഷ്

എ) ശ്രീ പത്മനാഭസ്വാമി ക്ഷേത്ര ഭരണം സർക്കാർ ഏറ്റെടുക്കണമെന്ന 2011 -ലെ ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നടപടികൾ അറിയിക്കുമോ;

ബി) ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് എന്താണെന്ന് അറിയി ക്കുമോ:

സി) ക്ഷേത്രത്തിൽ നടക്കുന്ന വിവിധ ക്രമക്കേടുകളും അഴിമതിയും പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാട്ടിയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നടത്തിയ അന്വേഷണത്തിന്റെ വിശദാംശം നൽകുമോ; ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നെന്നും അറിയിക്കുമോ?

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

എ) ശ്രീ പത്മനാഭസ്വാമി ക്ഷേത്ര ഭരണം സർക്കാർ ഏറ്റെടുക്കണമെന്ന് ബഹു. ഹൈക്കോടതി വിധി പുറപ്പെടുവിച്ചത് 2011 ജനുവരി 31 നാണ്. ക്ഷേത്ര ഭരണത്തിനായി ഒരു ട്രസ്റ്റോ അല്ലെങ്കിൽ നിയമപരമായ സംവിധാനമോ മൂന്നു മാസങ്ങൾക്കുള്ളിൽ ഏർപ്പെടുത്തണമെന്നായിരുന്നു കോടതി വിധി. എന്നാൽ മുൻ സർക്കാർ ഇതിനായി ക്രിയാത്മകമായ നടപടികളൊന്നും സ്വീകരിച്ചില്ല. ശ്രീ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ 2011 ഏപ്രിൽ മാസത്തിൽ ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്തു. ക്ഷേത്ര ഭരണം ഏറ്റെടുക്കണമെന്ന ഹൈക്കോടതി ഉത്തരവ് ബഹു. സുപ്രീം കോടതി സ്റ്റേ ചെയ്യുകയുണ്ടായി. പ്രസ്തുത സ്റ്റേ ഇപ്പോഴും നിലനിൽക്കുകയാണ്. അതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. കേസ് ആഗസ്റ്റ് മാസത്തിലേക്ക് പോസ്റ്റ് ചെയ്തിരിക്കുകയാണ്.

ബി) ബഹു. സുപ്രീം കോടതിയുടെ അന്തിമവിധിയ്ക്ക് അനുസൃതമായി സർക്കാർ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

സി) ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ അന്വേഷണം നടത്തിയിട്ടില്ല. ക്ഷേത്ര ഭരണ കാര്യങ്ങളെപ്പറ്റി പഠിച്ച് റിപ്പോർട്ട് നൽകുവാൻ ബഹു. സുപ്രീം കോടതി നിയോഗിച്ചിരുന്ന അമിക്കസ്ക്യൂറി ചില അന്വേഷണങ്ങൾ നടത്തിയതായി അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സുപ്രീം കോടതിയുടെ പരിഗണനയിലാണ്. റിപ്പോർട്ടിന്മേൽ കോടതി നിർദ്ദേശമനുസരിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ